# കേരള സർക്കാർ

നം.208/സി2/2017/ആ.കു.വ.

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്,
തിരുവനന്തപുരം, തീയതി: 20.05.2017

പ്രേഷിതൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/
സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും

സർ,

വിഷയം:-ആ.കു.വ-ആരോഗ്യ വകുപ്പ് ഫീൽഡ് വിഭാഗം ജീവനക്കാരെ ഇതര വകുപ്പുകളുടെ ഫീൽഡ് ജോലികൾക്കായി നിയമിക്കുന്നത്- സംബന്ധിച്ച്

സൂചന :- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27.04.2017 ലെ പി.എച്ച് 1-27910/17/ഡി.എച്ച്.എസ് നമ്പർ കത്ത്

ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർ ഏറ്റവും കൂടുതൽ സമയം ഫീൽഡിൽ പ്രവർത്തിക്കേണ്ട, മഴക്കാല പൂർവ്വ ശുചിത്വ പ്രവർത്തനങ്ങൾ നടത്തേണ്ട കാലഘട്ടമാണ് മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങൾ. ഇപ്പോൾ തന്നെ കാലാവസ്ഥയിലുണ്ടായ വ്യതിയാനം, ജല ലഭ്യതക്കുറവ്, ഉറവിടനശീകരണ പ്രവർത്തനങ്ങളിലെ പോരായ്മ, ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളുടെ അപര്യാപ്തത എന്നിവ മൂലം കേരളത്തിലൊട്ടാകെ പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്ന സാഹചര്യം ദിനംപ്രതി വർദ്ധിച്ച് കൊണ്ടിരിക്കുകയാണ്. എച്ച്1 എൻ1, ഡെങ്കിപ്പനി, ലെപ്റ്റോസ് പൈറോസിസ് എന്നീ സാംക്രമിക രോഗങ്ങൾ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വളരെ കൂടുതലായി സംസ്ഥാനത്തിലുടനീളം റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. ഫീൽഡ് വിഭാഗം ജീവനക്കാരുടെ പ്രവർത്തനം ഏറ്റവും കൂടുതൽ വേണ്ടതുമായ ഈ സാഹചര്യത്തിൽ അവരെ ഇതര വകുപ്പുകളുടെ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചുവരുന്നതായും (ഉദാ:-ലൈഫ് സർവ്വേ) ആയത് വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നുവെന്നും സൂചനയിലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മറ്റു വകുപ്പുകളിലെ പ്രവർത്തനങ്ങൾക്കായി ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരെ നിയോഗിക്കുന്നത് മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളെ ബാധിക്കും എന്നതിനാലും ആയത് സംസ്ഥാനത്ത് ഗുരുതരമായ സാംക്രമിക രോഗ പ്രശ്നങ്ങൾ ഉണ്ടാകാനിടയാകും എന്നതിനാലും താങ്കളുടെ വകുപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവർത്തനങ്ങൾക്ക് ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടെങ്കിൽ അതിൽ നിന്ന് അവരെ ഒഴിവാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**ഗീത. എൽ,**
അഡീഷണൽ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്ക് വേണ്ടി.